(ബി) കെട്ടിടം പണി ഉടനെ ടെൻഡർ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്ഥലം അക്വയർ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അക്വിസിഷൻ പൂർത്തിയായാൽ ടെൻഡർ ചെയ്യുന്നതാണ്.

തൂക്കിക്കൊല്ലപ്പെട്ടവർ

1074 [1991] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 15–6–1986 വരെ ഏതെങ്കിലും കുറ്റവാളികളെ തൂക്കിക്കൊന്നിട്ടുണ്ടോ; എങ്കിൽ എത്രപേരെ?

ഉത്തരം

ഇല്ല.

സ്ത്രീത്തടവുകാർ

1075 [1992] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1984–85, 1985–86 വർഷങ്ങളിൽ ജയിലുകളിൽ വച്ച് തടവുകാരായ സ്ത്രീകൾ പ്രസവിച്ചിട്ടുണ്ടോ?

ഉത്തരം

1984–85, 1985–86 എന്നീ വർഷങ്ങളിൽ ജയിലുകൾക്ക് സമീപമുള്ള ആശുപത്രികളിൽ വച്ച് തടവുകാരായ 5 (അഞ്ച്) സ്ത്രീകൾ പ്രസവിച്ചിട്ടുണ്ട്. ഈ അഞ്ചുപേരും ഗർഭവതികളായി ജയിലുകളിൽ പ്രവേശിക്കപ്പെട്ടവരായിരുന്നു.

കോന്നി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

1076 [1994] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോന്നി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി സർക്കാർ വാങ്ങിയിട്ടുള്ള സ്ഥലത്ത് പുതിയ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly